അബ്ദുല്ലത്വീഫ് കൊടുവള്ളി

# ദൈവം യേശുവിനോട് പറഞ്ഞത്

عَنْ أَبِي الدَّرْدَاء رَضِي اللهُ عَنه قَالَ رَسُول الله صَلّى الله عَلَيْه وَسَلّمَ قَالَ الله تَعَالَى لِعِيسَى يَا عِيسَى إِنِّي بَاعِثٌ مِنْ بَعْدِكَ أُمَّةً إِنْ أَصَابَهُمْ مَا يُحِبُّونَ حَمِدُوا وَشَكَرُوا، وَإِنْ أَصَابَهُمْ مَا يَكْرَهُونَ صَبَرُوا وَاحْتَسَبُوا وَلَا حِلْمَ وَلَا عِلْمَ قَالَ: يَارَبِّ كَيْفَ يَكُونَ هَذَا لَهُمْ وَلَا حِلْمَ وَلَا عِلْمَ قَالَ: أُعْطِيهِمْ مِنْ حِلْمِي وَعِلْمِي - (قال الحاكم : صحيح. واقرّه الذهبي)

**അബുദ്ദർദാഇ(റ)ൽനിന്ന്. നബി (സ) പറഞ്ഞു: അല്ലാഹു ഈസാ നബി(അ)യോട് പറഞ്ഞു; 'ഈസാ! ഞാൻ തീർച്ചയായും താങ്കൾക്കു ശേഷം ഒരു സമുദായത്തെ നിയോഗിക്കുന്നതായിരിക്കും. അവർക്ക് അനിഷ്ടകരമായത് ബാധിച്ചാൽ അവർ ക്ഷമിക്കുകയും അല്ലാഹുവിൽനിന്ന് പുണ്യം പ്രതീക്ഷിക്കുകയും ചെയ്യും. (സ്വന്തമായ) വിവരത്താലും വിവേകത്താലുമല്ല അവർക്ക് ഇത് സാധ്യമാവുന്നത്.' യേശു ചോദിച്ചു: 'എന്റെ നാഥാ, വിവരവും വിവേകവുമില്ലാതെ അവർക്ക് എങ്ങനെയാണ് ഇത് സാധ്യമാവുക?' അല്ലാഹു പറഞ്ഞു: 'ഞാൻ അവർക്ക് എന്റെ വിവരത്തിൽനിന്നും വിവേകത്തിൽനിന്നും നൽകുന്നതായിരിക്കും' (ഹാകിം).**

പ്രപഞ്ചനാഥനും സ്രഷ്ടാവുമായ അല്ലാഹു ലോകാരംഭം മുതൽ ലോകാവസാനം വരെയുള്ള മനുഷ്യർക്കായി നൽകിയ തന്റെ സന്ദേശസാകല്യമാണ് ഇസ്‌ലാം. ഇസ്‌ലാമിന്റെ പ്രബോധനത്തിനും പ്രചാരണത്തിനുമായി അതതു കാലങ്ങളിൽ അല്ലാഹു നിയോഗിച്ച നബിമാരും അവരിൽ വിശ്വസിച്ചവരും അതതു കാലത്തെ മുസ്‌ലിംകളും മുസ്‌ലിം ഉമ്മത്തു(സമുദായം)മായി അറിയപ്പെട്ടു. 'നബിമാർ വിവിധ മാതാക്കളിൽനിന്ന് ഒരു പിതാവിനാൽ ജാതരായ സഹോദരന്മാരാണ്. അവരുടെ മാതാവ് പലതാണ്, അവരുടെയെല്ലാം ദീൻ (മതം) ഏകമാണ്' (ബുഖാരി). നബിമാരെയും അവരിൽ വിശ്വസിച്ചവരെയും ഖുർആൻ മുസ്‌ലിംകൾ, മുസ്‌ലിം സമുദായം എന്നാണ് വിളിക്കുന്നത്.

ഇബ്‌റാഹീം നബി: ''ഞങ്ങളെ- എന്നെയും മകൻ ഇസ്മാഈലിനെയും- നീ മുസ്‌ലിംകളാക്കേണമേ! ഞങ്ങളുടെ സന്തതികളിൽനിന്ന് മുസ്‌ലിം ഉമ്മത്തിനെ നീ ഉണ്ടാക്കേണമേ!'' (*ബഖറ*: 128). ലൂത്വ്: ''(ലൂത്വ് നബിയുടെ നാട്ടിൽ) മുസ്‌ലിംകളിൽപെട്ട ഒരു വീടു മാത്രമല്ലാതെ നാം അവിടെ കണ്ടില്ല'' (*ദാരിയാത്ത്*: 36). യഅ്ഖൂബ്: (മക്കളെ ഉപദേശിച്ചുകൊണ്ടു പറയുന്നു) ''അല്ലാഹു നിങ്ങൾക്ക് ദീനിനെ- ഇസ്‌ലാമിനെ- തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കുകയേ അരുത്'' (*ബഖറ*: 132). യഅ്ഖൂബിന്റെ മക്കളുടെ പ്രതികരണം: ''ഞങ്ങൾ താങ്കളുടെയും താങ്കളുടെ പിതാക്കളായ ഇബ്‌റാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ദൈവത്തെ, ഏക ദൈവത്തെ ഇബാദത്ത് ചെയ്യും. ഞങ്ങൾ അല്ലാഹുവിന് മുസ്‌ലിംകളായിരിക്കും'' (*ബഖറ*: 133). യൂസുഫ് നബി: ''എന്നെ നീ മുസ്‌ലിമായി മരിപ്പിക്കേണമേ! സച്ചരിതരുമായി നീ എന്നെ ചേർക്കുകയും ചെയ്യേണമേ!'' (*യൂസുഫ്*: 101). മൂസാ നബി: ''നിങ്ങൾ (ഇസ്‌റാഈല്യർ) അല്ലാഹുവിൽ വിശ്വസിക്കുന്നുവെങ്കിൽ അവനിൽ ഭരമേൽപിക്കുക; നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ'' (*യൂനുസ്*: 84). മൂസാ നബിയിൽ വിശ്വസിച്ച മായാജാലക്കാർ: ''ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്കു മേൽ ക്ഷമചൊരിയുകയും ഞങ്ങളെ നീ മുസ്‌ലിംകളായി മരിപ്പിക്കുകയും ചെയ്യേണമേ!'' (*അഅ്റാഫ്*: 126). സുലൈമാൻ: ''നിങ്ങൾ മുസ്‌ലിംകളായി എന്റെ അടുത്തു വരിക'' (*നംല്*: 31). ഈസാ നബിയുടെ സച്ചരിതരായ അനുയായികൾ: ''ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ തീർച്ചയായും മുസ്‌ലിംകളാണെന്ന് നീ സാക്ഷ്യം വഹിക്കുക'' (*ആലുഇംറാൻ*: 52, *മാഇദ*: 111).

പുതിയ പ്രവാചകന്മാർ വരുമ്പോൾ മുൻ പ്രവാചകന്മാരുടെ അനുയായികൾ പുതിയ പ്രവാചകനിലും വിശ്വസിച്ച് ആദർശം പുതുക്കി തുടർജീവിതം നയിക്കുകയാണ് വേണ്ടത്. ഈസാ നബി വന്നപ്പോൾ നിലവിലുണ്ടായിരുന്ന മൂസാ നബിയുടെ അനുയായികൾ മൂസായിൽ മാത്രമല്ല, ഈസാ നബിയിലും വിശ്വസിക്കണം. മുഹമ്മദ് നബിയുടെ ആഗമനത്തോടെ ഈസാ നബിയുടെ അനുയായികൾ മുഹമ്മദ് നബിയിലും വിശ്വസിക്കണം. എങ്കിലേ ഈസാ നബിയിൽ വിശ്വസിച്ചത് സഫലമാകൂ.

അനുയായികളോടു മാത്രമല്ല, സകല പ്രവാചകന്മാരോടും ഈ ശൃംഖലിതമായ വിശ്വാസം അനിവാര്യമാണെന്ന് അല്ലാഹു ഇവ്വിഷയകമായി പ്രതിജ്ഞ വാങ്ങിയിട്ടുണ്ട്: ''അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക); ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചുകൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് എന്ന്. (തുടർന്ന്) അവൻ (അവരോട്) ചോദിച്ചു: നിങ്ങളത് സമ്മതിക്കുകയും അക്കാര്യത്തിൽ എന്നോടുള്ള ബാധ്യത ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: അതേ, ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അവൻ പറഞ്ഞു: ഞാനും നിങ്ങളോടൊപ്പം സാ

ക്ഷിയായിരിക്കുന്നതാണ്'' (*ആലുഇംറാൻ*: 81).

ഈസാ നബിയിൽ വിശ്വസിക്കാതിരുന്ന യഹൂദരും മുഹമ്മദ് നബിയിൽ വിശ്വസിക്കാതിരുന്ന ക്രൈസ്തവരും അക്കാരണത്താൽ ഇസ്‌ലാം, മുസ്‌ലിം എന്ന സംജ്ഞാവൃത്തത്തിൽനിന്ന് പുറത്തായി യഹൂദരും ക്രൈസ്തവരുമായി മാറി ചരിത്രത്തിൽ അറിയപ്പെട്ടു. അതുപോലെ, മുഹമ്മദ് നബി(സ)യുടെ അനുയായികളും എല്ലാ നബിമാരിലും വിശ്വസിച്ചാലേ മുസ്‌ലിമാവുകയുള്ളൂ.

''അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും (വിശ്വാസ കാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും 'ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും ചിലരെ നിഷേധിക്കുകയും ചെയ്യുന്നു' എന്ന് പറയുകയും അങ്ങനെ അതിനിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരാരോ, അവർ തന്നെയാകുന്നു യഥാർഥത്തിൽ സത്യനിഷേധികൾ. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്'' (*നിസാഅ്*: 150,151). അസൂയയാലും വിദ്വേഷത്താലും മുഹമ്മദ് നബിയെ വിശ്വസിക്കാൻ യഹൂദരും ക്രൈസ്തവരും കൂട്ടാക്കാതിരിക്കുകയായിരുന്നു എന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്.

മുൻ സമുദായങ്ങളിൽനിന്ന് വ്യത്യസ്തമായി ധാരാളം സവിശേഷതകളും ശ്രേഷ്ഠതകളും അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയിരിക്കുന്നു. അതിലൊന്നാണ് ഈ നബിവചനം പരാമർശിക്കുന്നത്. തങ്ങൾക്ക് ഇഷ്ടപ്പെട്ട കാര്യത്തിൽ അല്ലാഹുവെ അവർ സ്തുതിക്കും, അവന് നന്ദിപറയും. ആദർശ മേഖലയിലോ ഭൗതിക ജീവിതാനുഭവങ്ങളിലോ അനിഷ്ടകരമായവ സംഭവിച്ചാൽ ക്ഷമിക്കുകയും അതുവഴി അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് സൽക്കർമനിരതമാവുകയും ചെയ്യും. നബി(സ)യുടെ വിയോഗ ശേഷം ഇന്നുവരെയും മുസ്‌ലിം സമുദായം ശത്രുവിഭാഗങ്ങളെ നേരിട്ടത് ഈയൊരു സമരമുറയിലൂടെയാണ്. *ആലുഇംറാൻ*: 186 ഇതേക്കുറിച്ച ഉദ്ബോധനമാണ്. വിവരവും വിവേകവും സമാസമം ചേർന്ന സാംസ്കാരിക നിലവാരമാണ് എന്നുമെന്നപോലെ ഇന്നും കാലം നമ്മോട് ആവശ്യപ്പെടുന്നത്. സകല ജീവികളിലും കാണപ്പെടുന്ന കാരുണ്യം അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഒരംശമാണ് എന്നു പഠിപ്പിച്ച നബി, അല്ലാഹുവിന്റെ വിവരവും വിവേകവും പങ്കുവെച്ചുകിട്ടിയതാണ് മുസ്‌ലിംകളിലെ വിവരവും വിവേകവുമെന്ന് പറഞ്ഞുവെക്കുന്നത് ശ്രദ്ധേയമാണ്. പ്രതിസന്ധികൾ മറികടക്കാൻ പ്രകോപനരഹിതവും ആത്യന്തികമായി ഫലപ്രദവുമായ മാർഗങ്ങൾ ആരായുക എന്നതായിരിക്കണം മുസ്‌ലിംകൾ സ്വീകരിക്കുന്ന നിലപാടെന്നതാണ് ഹദീസ് നൽകുന്ന പാഠം. ●

